LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) വനം, എക്സൈസ്, മോട്ടോർ വാഹനം, വാണിജ്യ നികുതി വകുപ്പുകളെ ഏകോപിപ്പിച്ച് ഒരു പൊതുവായ ചെക്ക് പോസ്റ്റ് എന്ന സംവിധാനം സർക്കാർ പരിശോധിച്ചുവരുന്നു.

(ബി) വാളയാറിൽ പൊതുവായ ഒരു ചെക്ക് പോസ്റ്റ് നടപ്പാക്കുന്നതിനുള്ള സാദ്ധ്യതാപഠനം നടത്തുന്നതിന് കിറ്റ്കോയെ ചുമതലപ്പെടുത്തിയിരിക്കുകയാണ്.

നികുതി ചോർച്ച തടയുന്നതിന് നടപടി

98. [1068] ശ്രീ. സി. എച്ച്. കുഞ്ഞമ്പു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചെക്ക്പോസ്റ്റുകളില്ലാത്തതുകാരണം സംസ്ഥാനത്തെ അന്തർ സംസ്ഥാന റോഡുകൾ വഴി വൻതോതിൽ നികുതി ചോർച്ച നടന്നുവരുന്നകാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇതു തടയുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ചെക്ക്പോസ്റ്റുകളില്ലാത്തതുകാരണം അതിർത്തി പ്രദേശങ്ങളിലെ ഇടറോഡുകൾ വഴി നികുതി അടയ്ക്കാതെ ചരക്കുകൾ കടത്തിക്കൊണ്ടുവരുന്നകാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഇത്തരത്തിലുള്ള കള്ളക്കടത്ത് തടയുന്നതിനായി പെട്രോളിംഗ് ശക്തമാക്കിയിട്ടുണ്ട്. ഇടറോഡുകളിൽ ഇന്റലിജൻസ് സ്ക്വാഡുകളെ പരിശോധനയ്ക്ക് നിയോഗിച്ചിട്ടുണ്ട്. ഇപ്രകാരം കടത്തിക്കൊണ്ടുവരുന്ന വണ്ടിയും സാധനങ്ങളും പിടികൂടി നൽകുന്ന അതിർത്തി പ്രദേശത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അപ്രകാരം പിടികൂടി നൽകുന്ന വാഹനങ്ങളിൽനിന്നും ഈടാക്കുന്ന തുകയുടെ 10% പ്രോത്സാഹനമായി നൽകാൻ തീരുമാനിച്ചിട്ടുണ്ട്. ഇക്കാര്യം ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിട്ടുണ്ട്.

ശമ്പളത്തിന് ആവശ്യമായി വരുന്ന തുക

99. [1069] ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2005-06-ൽ സർക്കാരുദ്യോഗസ്ഥന്മാരുടെയും എയ്ഡഡ് സ്കൂൾ അദ്ധ്യാപകരുടെയും ശമ്പളം നൽകുന്നതിന് എത്ര തുക വേണ്ടിവന്നു;

(ബി) 2006-07-ൽ ഇതിനുവേണ്ടി വരുന്ന തുക എത്രയെന്നാണ് കണക്കാക്കിയിട്ടുള്ളത്;